കാസർഗോഡ് കോട്ടൂർ വളവ് അപകടമുക്തമാക്കുന്നതിനുള്ള നടപടി

171 (2271) ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) കാസർഗോഡ് വാഹന അപകടം ഉണ്ടാകുന്ന ബ്ലാക്ക് സ്പോട്ട് ഏതിയായായ കോട്ടർ വളവ് അപകടമുക്തമാക്കുന്നതിന് എന്തെല്ലാം നടപടി കളാണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ ; എന്നത്തേക്ക് പ്രവൃത്തി ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) കോട്ടൂർ വളവ് അപകടമുക്തമാക്കുന്നതിന് റോഡ് സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

തെക്കിൽ-ആലറ്റി-എം.ഡി.ആർ റോഡ് സി.ആർ.എഫ്. ഫണ്ടിൽ ഉൾപ്പെടുത്തി അഭിവൃദ്ധിപ്പെടുത്തുന്നതിന് നടപടി

172 (2272) ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) കാസർഗോഡ് ജില്ലയിൽ തെക്കിൽ-ആലറ്റി-എം.ഡി.ആർ. റോഡ് സി.ആർ.എഫ് ഫണ്ടിൽ ഉൾപ്പെടുത്തി അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള നടപടികൾ എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ;

(ബി) ഇല്ലെങ്കിൽ സി.ആർ.എഫ്. ഫണ്ടിന്റെ പരിഗണനയ്ക്കായി അയയ്ക്കുന്ന ലിസ്റ്റിൽ ഇത് ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; വിശദാംശങ്ങൾ അറിയിക്കുമോ ?

ഉത്തരം

(എ) സി.ആർ.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നേരത്തെ നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നെങ്കിലും അംഗീകാരം ലഭിക്കുകയുണ്ടായില്ല.

(ബി) സി.ആർ.എഫ് പദ്ധതിയിലേയ്ക്ക് പുതിയ പ്രവൃത്തികൾ സമർപ്പിക്കപ്പെട്ട മുൻഗണനാപട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly